II ഇ.ബി. XIV - കേരള നിയമസഭ/XV-13

**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2019 ജൂൺ 25, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

37(*391) ദുരന്തനിവാരണ സംവിധാനം ശാക്തീകരിക്കുവാൻ നടപടി

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, ഓരോ ജില്ലയിലും ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ ജില്ലാ-താലൂക്കുതല പ്രതികരണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും വിവിധ വകുപ്പുദ്യോഗസ്ഥരെ ജില്ലാതല നോഡൽ ഓഫീസർമാരായി നിയമിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ദുരന്ത സാഹചര്യം നേരിടുന്നതിനായി മാസ് അലെർട്ട് എസ്.എം.എസ്. സിസ്റ്റം വികസിപ്പിച്ചിട്ടുണ്ടെന്നും അടിയന്തര മുന്നറിയിപ്പുകൾ അതിവേഗം ജനങ്ങളിലെത്തിക്കുവാൻ നടപടി

സ്വീകരിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി 24 മണിക്കൂർ പ്രവർത്തിക്കുന്ന ജില്ല/താലൂക്ക് അടിയന്തര കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പോലീസ്, ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 2005-ലെ ദേശീയ ദുരന്ത നിവാരണ നിയമപ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് - ക്രൈസിസ് മാനേജ്മെന്റ് - ഉപദേശക സമിതികൾക്കുപുറമെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ തുടങ്ങിയവ പ്രവർത്തിച്ചുവരികയും സംസ്ഥാനതലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവരശേഖരണം, കേന്ദ്ര ചട്ടപ്പടി സാദ്ധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനയുടെ ഏകോപനം എന്നിവ നിർവ്വഹിക്കുകയും കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗ രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അണക്കെട്ടുകൾ, നദികൾ എന്നിവയിലെ ജലനിരപ്പ് പരിശോധിച്ച് അടിയന്തര സാഹചര്യം നേരിടാൻ ജലസേചന വകുപ്പിലെ സാങ്കേതികവിദഗ്ദ്ധരെയും ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയവയുടെ സാദ്ധ്യത മനസ്സിലാക്കി പ്രതിസന്ധിഘട്ടം തരണംചെയ്യുന്നതിന് മണ്ണ് സംരക്ഷണ-ജിയോളജി വകുപ്പുദ്യോഗസ്ഥരെയും ജില്ലാ അടിയന്തര കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ

നിയോഗിച്ചിട്ടുണ്ട്. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽ നിന്നുള്ള മുന്നറിയിപ്പ് യഥാസമയം വകുപ്പുകൾക്ക് കൈമാറുകയും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ അത്യന്താധുനിക ഉപകരണങ്ങൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തരഘട്ടങ്ങളിൽ ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി വില്ലേജ്തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനും ഇവാക്വേഷൻ റൂട്ട് മാപ്പും തയ്യാറാക്കി വരുന്നുണ്ടെന്നും ഐക്യരാഷ്ട്രസഭാ സംഘത്തിന്റെ Post Disaster Need Assessment-ലെ നിർദ്ദേശപ്രകാരം അതോറിറ്റിയിലെ ഒഴിവുള്ള സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, റിസർച്ച് അസോസിയേറ്റ്, ഫീൽഡ് അസിസ്റ്റന്റ്, ഫിനാൻസ് മാനേജർ, ഹസാർഡ് അനലിസ്റ്റ് എന്നീ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുവാദം നൽകിയിട്ടുണ്ടെന്നും അധിക തസ്തികകൾ ഇതേ രീതിയിൽ അനുവദിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുഖേന IDRN, DDMP updation, TNA for Virtual Cadre, Handbook on Monsoon Preparedness, School Safety തുടങ്ങിയ ദുരന്ത ലഘൂകരണ നടപടികൾ സ്വീകരിക്കുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദീർഘകാല വീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുകയും ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ ഒഴിപ്പിച്ച് ഷെൽട്ടറുകളിലേയ്ക്ക് പുനരധിവസിപ്പിക്കുകയും അവർക്കാവശ്യമായ ആരോഗ്യ സാമ്പത്തിക സഹായം

നൽകുകയും ചെയ്യുന്നുണ്ട്. പ്രകൃതി ദുരന്തത്തിൽ ജീവനും സ്വത്തിനും നഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള ആശ്വാസ ധനസഹായം വിതരണം ചെയ്തുവരുന്നുണ്ട്. കാലവർഷക്കെടുതിയിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് ദുരന്ത നിവാരണ നിധിയുടെ മാനദണ്ഡപ്രകാരം 4 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്കും നാശനഷ്ടത്തിന്റെ തോതനുസരിച്ചും വീടുകൾ തകർന്നവർക്ക് ആനുപാതികമായ ധനസഹായവും നൽകിവരുന്നുണ്ട്. കൃഷി/വളർത്തുമൃഗങ്ങൾ നഷ്ടപ്പെടുന്നവർക്കും റോഡുകളുടെ പുനരുദ്ധാരണം, മത്സ്യബന്ധന മേഖലയിലുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്കും ബന്ധപ്പെട്ട വകുപ്പ് മേധാവികളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. പ്രളയ ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ തകർന്ന 9,737 കുടുംബങ്ങൾക്ക് ആദ്യഗഡു സഹായവും 2,756 കുടുംബങ്ങൾക്ക് രണ്ടാം ഗഡുവും 4,544 കുടുംബങ്ങൾക്ക് മൂന്നാം ഗഡുവും നൽകുകയും 2995 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കെയർ ഹോം പദ്ധതി പ്രകാരം 1,399 വീടുകൾ പൂർത്തീകരിക്കുകയും 416 വീടുകൾക്കുള്ള സ്ഥലവും പുറമ്പോക്കിൽ താമസിച്ചിരുന്ന 1259 കുടുംബങ്ങളിൽ 744 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി നൽകുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക സ്പോൺസർഷിപ്പിലൂടെ 1,075 വീടുകളുടെ പണി ആരംഭിക്കുകയും പൂർണ്ണമായും തകർന്ന എല്ലാ വീടുകളും പണിയുന്നതിനുള്ള

ക്രമീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല സ്കൂൾ സുരക്ഷാ നിർദ്ദേശക സമിതി രൂപീകരിക്കുകയും അതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമൂഹമാധ്യമങ്ങളിൽ നൽകാൻ സംവിധാനമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തപ്രതിരോധം ലക്ഷ്യമാക്കി ലഘുലേഖകളും വീഡിയോകളും തയ്യാറാക്കി അതോറിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. തീരദേശ മേഖലയിൽ നിന്നും സന്നദ്ധരായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തി പരിശീലനം നൽകി അടിയന്തരഘട്ടത്തിൽ സേവനം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും പ്രളയദുരന്തത്തെത്തുടർന്ന് നാശനഷ്ടം സംഭവിച്ചവർക്ക് ജൂൺ 30 വരെ അപ്പീലുകൾ സമർപ്പിക്കാമെന്നും ദേശീയ ദുരന്ത നിവാരണ സേനയുടെ നേതൃത്വത്തിൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

38(*392) <u>ഖാദർ കമ്മിറ്റി റിപ്പോർട്ട്</u>

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, എൽ.പി. മുതൽ ഹയർ സെക്കണ്ടറി വരെയുള്ള അഞ്ച് ഘട്ടങ്ങൾ (എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) നിലനിർത്തിക്കൊണ്ട് അവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ

ഏകീകരിക്കാനാണ് നിലവിലെ സംവിധാനത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഇതിലൂടെ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് അക്കാദമിക രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുമെന്നതിനാൽ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാകുമെന്നും ചരിത്രത്തിലാദ്യമായി ഈ വർഷം 203 അദ്ധ്യയന ദിവസങ്ങൾ കിട്ടത്തക്ക രീതിയിൽ വിദ്യാഭ്യാസ കലണ്ടർ പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എൻ.സി.ഇ.ആർ.ടി. നിലവിൽ പല ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്നും ഇതിലൂടെ മാതൃഭാഷയിൽ കൂടി ആശയ ഗ്രഹണം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. 'അക്കാദമിക് മികവ് വിദ്യാലയത്തിന്റെ മികവ് 'എന്ന ആശയ സാക്ഷാത്കാരത്തിന്റെ ഭാഗമായി ഭൗതിക പശ്ചാത്തലങ്ങൾ, പാഠപുസ്തകങ്ങൾ, സിലബസ് എന്നിവയിൽ മാറ്റംവരുത്താതെ ഭരണ/ഭൗതിക പശ്ചാത്തലമൊരുക്കി അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനാണ് ഹയർ സെക്കണ്ടറിയിൽ ഏകീകരണം കൊണ്ടുവന്നിട്ടുള്ളതെന്നും പ്രസ്തുത മേഖലയിൽ പ്രത്യേക ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും അധ്യയനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുമെന്നും ശാസ്ത്ര-സാഹിത്യ-കലാ മേഖലകളിലേയ്ക്കുള്ള കുട്ടികളുടെ എക്സ്പോഷർ സാദ്ധ്യമാക്കുന്നതിന് സമഗ്ര പോർട്ടലിലൂടെ ഹൈടെക്

വിദ്യാഭ്യാസം ആരംഭിച്ചിട്ടുണ്ടെന്നും ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിലും യോഗ്യതയിലും ഇളവ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

39(*393) <u>മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ പദ്ധതികൾ</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും കടലാക്രമണംമൂലം വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കുകയും റവന്യൂ/സിവിൽ സപ്ലൈസ് വകുപ്പുകൾ മുഖേന സൗജന്യ റേഷൻ ഉൾപ്പെടെ അവശ്യ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് 25 കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പിലാക്കിവരുന്നുണ്ടെന്നും 2016-17, 2017-18 വർഷങ്ങളിലായി നടപ്പാക്കിവരുന്ന പദ്ധതികൾ പ്രകാരം 1798 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകിയതിൽ 1191 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം

ആരംഭിച്ചിട്ടുണ്ടെന്നും കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് നാല് വർഷമായി ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്ന തിരുവനന്തപുരം ജില്ലയിലെ 38 പേരെ പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറയിൽ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുകയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലെ 772 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 92 പാർപ്പിട സമുച്ചയമുൾക്കൊള്ളുന്ന ഫ്ലാറ്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തീരദേശ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. മൺസൂൺ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യ-അനുബന്ധ-പീലിംഗ് ഷെഡ് തൊഴിലാളികൾക്ക് സൗജന്യ റേഷനും സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം 4500/- രൂപയും തൊഴിൽ നഷ്ടം നികത്തുന്നതിനായി തണൽ പദ്ധതിപ്രകാരം 1350/- രൂപയും നൽകിവരുന്നുണ്ട്. Rebuild Kerala Initiative (RKI)-ന്റെ ഭാഗമായി തീരത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പിലാക്കുമെന്നും ഇതിനായി സി.എം.ഡി.ആർ.എഫ്. -ൽ നിന്നും 1398 കോടി രൂപ വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ചെല്ലാനം മേഖലയുൾപ്പെടെയുള്ള തീരസംരക്ഷണത്തിനായി ഇറിഗേഷൻ-ഹാർബർ ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി കടൽഭിത്തി നിർമ്മിക്കുന്ന നടപടി

അടിയന്തരമായി പൂർത്തീകരിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4324 മുതൽ 4529 വരെയുള്ള ചോദ്യങ്ങളിൽ 114 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)